സാങ്കേതിക പരീക്ഷ കൺട്രോളറുടെ കാര്യാലയം,
കൈമനം, തിരുവനന്തപുരം

നം.ഡി5/2300/21/സി.റ്റി.ഇ. തീയതി : 11/08/2021

## സർക്കുലർ

വിഷയം – വിദ്യാഭ്യാസം– സാങ്കേതികം– പരീക്ഷാ വിഭാഗം – എൻ.എസ്.ക്യൂ.എഫ്– സർട്ടിഫിക്കറ്റ് വികരണം ചെയ്യുന്നത്– സംബന്ധിച്ച്

സൂചന:– ഈ ഓഫീസിലെ ഇതേ സർക്കുലർ നം. ഡി5/2300/2021/സി.റ്റി.ഇ തീയതി. 11/08/2021.

2016 മുതൽ എൻ.എസ്.ക്യൂ.എഫ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ആയതിൻറെ സാക്ഷ്യപത്രം വിതരണം ചെയ്യുന്നതിന് സാങ്കേതികമായ ചില തടസ്സങ്ങൾ മൂലം സാധിച്ചിട്ടില്ല. ഈ വിഷയം ഗൗരവമായി പരിഗണിച്ചതിൻറെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് വിതരണം സമയബന്ധിതമായി ഘട്ടം ഘട്ടമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 2021 ൽ റ്റി.എച്ച്.എസ്.എൽ.സി പാസ്സായ വിദ്യാർത്ഥികളുടെ വിവരങ്ങൾ (Level 1 – 2019–2020, Level 2 – 2020 –2021) അതാത് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന പട്ടിക അനുസരിച്ച് ഉടൻ തന്നെ വിതരണം ചെയ്യുന്നതാണ്.

### വിവരങ്ങൾ നൽകേണ്ട വിധം

സാങ്കേതിക പരീക്ഷാ കൺട്രോളറുടെ www.tekerala.org എന്ന വെബ്സൈറ്റിൽ ഓരോ സ്കൂളുകൾക്കും രണ്ട് user –നെ അനുവദിച്ചിട്ടുണ്ട്.

1. Clerk user name – thsxx
2. Superintendent user name – thsupdtxx

(xx – school code) default password 123.) ആദ്യ തവണ ലോഗിൻ ചെയ്യുമ്പോൾ തന്നെ password മാറ്റേണ്ടതാണ് ( password –ൽ capital letter , Small letter& special Symbol ഇവ ഉണ്ടായിരിക്കണം, കുറഞ്ഞത് 6 characters )

ആദ്യം Clerk –ൻറെ Login ചെയ്ത് NSQF Certificate Entry എന്ന option വഴി level, Sector, branch, ഇവ സെലക്ട് ചെയ്യുക. അടുത്ത പേജിൽ കുട്ടിയുടെ THSLC No. , Admission No, Mark (Maximum mark ഉൾപ്പെടെ ) ഇവ നൽകി കുട്ടിയുടെ മറ്റ് വിവരങ്ങൾ പരിശോധിച്ച് സേവ് ചെയ്യുക.

രണ്ടാമത് സൂപ്രണ്ട് ലോഗിൻ ചെയ്ത് സർട്ടിഫിക്കറ്റ് ഡാറ്റ പരിശോധിക്കുക (കുട്ടിയുടെ Sector, branch, Admission No, Mark) മറ്റ് വിവരങ്ങൾ THSLC portal –ൽ നിന്നായതിനാൽ അപ്ഡേറ്റ് ചെയ്യുവാൻ കഴിയുകയില്ല. ആവശ്യമെങ്കിൽ കൺട്രോളറുടെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഇപ്രകാരം വെരിഫൈ ചെയ്ത, അപ്രൂവ് ചെയ്ത ലിസ്റ്റ് പ്രിൻറ് എടുത്ത് ക്ലാർക്ക്, സൂപ്രണ്ട് പേരെഴുതി ഒപ്പിട്ട് സ്കൂൾ സീൽ സഹിതം കൺട്രോളറുടെ ഓഫീസിലേയ്ക്ക് അയച്ചുതരുക. സർട്ടിഫിക്കറ്റുകൾ പ്രിൻറുചെയ്ത് സൂപ്രണ്ടിൻറെ പേർക്ക് സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്.

ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് ഡി5 സെക്ഷൻ ( 0471 2775440, 2775443 ) ബന്ധപ്പെടാവുന്നതാണ്. പരാതികളും നിർദ്ദേശങ്ങളും d5.jcte@gmail.com എന്ന മെയിൽ ഐഡിയിലേയ്ക്ക് മാത്രം അയയ്ക്കുക.

SASIKUMAR K.N.
ജോയന്റ കണ്ട്രോളര

പിവി/10/8/21